**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 16** **29-01-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിൽ നവകേരള സദസ്സിൽ ലഭിച്ച പരാതികളുടെ എണ്ണവും സംഘാടന ചെലവുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നവകേരള സദസ്സിൽ ലഭിച്ച പരാതികളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | ഒന്നിലധികം വകുപ്പമായി ബന്ധപ്പെട്ട നിവേദനങ്ങൾ അതത് വകുപ്പകൾക്ക് നടപടിക്കായി പ്രത്യേകം പ്രത്യേകം നൽകുമ്പോൾ നടപടിയെടുക്കേണ്ട വിഷയങ്ങളുടെ എണ്ണത്തിൽ വ്യത്യാസം വരും. നിവേദനങ്ങൾ യാന്ത്രികമായി തീർപ്പാക്കരുതെന്നും വ്യക്തമായ കാരണങ്ങളില്ലാതെ പരാതികൾ നിരസിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പവരുത്താൻ സംസ്ഥാന-ജില്ലാതലങ്ങൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. നിവേദനങ്ങൾ സമയബന്ധിതായും ഫലപ്രദമായും തീർപ്പ് കൽപിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുസ്വഭാവമുള്ള പരാതികൾ തരംതിരിച്ച് അതിൽ പൊതുതീരുമാനം കൈക്കൊള്ളുന്നതാണ്. നിലവിലുള്ള ചട്ടങ്ങളിലൊ, ഉത്തരവുകളിലൊ മാറ്റങ്ങൾ അനിവാര്യമാണെങ്കിൽ അക്കാര്യവും പരിഗണിക്കുന്നതാണ്. നിവേദനങ്ങൾ തീർപ്പാക്കുന്നതിന്റെ പുരോഗതി ഓരോ ജില്ലയുടെയും ചുമതലയുള്ള മന്ത്രിമാർ വിലയിരുത്തും അതോടൊപ്പം ഓരോ ജില്ലയിലെയും പരാതിപരിഹാരത്തിന് മേൽനോട്ടം വഹിക്കാൻ ഉയർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഏറ്റവും കൂടുതൽ പരാതികൾ ലഭിച്ച മലപ്പുറം ജില്ലയിൽ പരാതികളുടെ എണ്ണം വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ; ഇതിൽ നാൽപ്പത്തിയഞ്ചു ദിവസത്തിനകം നടപടികൾ സ്വീകരിച്ചവ, തീർപ്പ കൽപ്പിച്ചവ, പെന്റിങ് കേസുകൾ എന്നിവയുടെ കണക്കുകൾ വ്യക്തമാക്കാമോ; ബാക്കിയുള്ള പരാതികൾ എന്നത്തേക്ക് തീർപ്പാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ; | (ബി) | നിവേദനങ്ങൾ കഴിയുന്നത്ര വേഗത്തിൽ തീർപ്പാക്കണമെന്ന് പൊതുനിർദ്ദേശം നൽകിയിട്ടുണ്ട്. അതേസമയം നിവേദനങ്ങൾ യാന്ത്രികമായി തീർപ്പാക്കരുതെന്നും വ്യക്തമായ കാരണങ്ങളില്ലാതെ പരാതികൾ നിരസിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പവരുത്താൻ സംസ്ഥാനം-ജില്ലാതലങ്ങളിൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. നിവേദനങ്ങൾ സമയബന്ധിതായും ഫലപ്രദമായും തീർപ്പ കൽപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുവായ തീരുമാനം കൈക്കൊള്ളാൻ കഴിയുന്നവയിൽ ആവശ്യമായ നടപടി സ്വീകരിക്കും. നിവേദനങ്ങൾ |

| | | | |
|---|---|---|---|
| | | | തീർപ്പാക്കുന്നതിന്റെ പുരോഗതി ഓരോ ജില്ലയുടെയും ചുമതലയുള്ള മന്ത്രിമാർ വിലയിരുത്തും. അതോടൊപ്പം ഓരോ ജില്ലയിലെയും പരാതിപരിഹാരത്തിന് മേൽനോട്ടം വഹിക്കാൻ ഉയർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. തീർപ്പായതുൾപ്പെടെ നിവേദനങ്ങളുടെ നിലവിലെ സ്ഥിതി www.navakeralasadas.gov.in ൽ ലഭ്യമാണ്. |
| (സി) | മലപ്പുറം ജില്ലയിൽ ഓരോ മണ്ഡലങ്ങളിലും നവകേരള സദസ്സ് സംഘടിപ്പിക്കുവാൻ എന്ത് തുക ചെലവായി; സർക്കാരിൽ നിന്നും ഈ ഇനത്തിൽ തുക അനുവദിച്ചിരുന്നോ; പരിപാടിയുടെ നടത്തിപ്പിനായി എന്തെല്ലാം മാർഗ്ഗങ്ങളിലൂടെയാണ് തുക കണ്ടെത്തിയത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | നവകേരള സദസ്സ് സംഘടിപ്പിക്കുവാൻ സർക്കാർതലത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. മണ്ഡലാടിസ്ഥാനത്ത്തിൽ രൂപീകരിച്ച സംഘാടക സമിതികൾ സ്പോൺസർഷിപ്പിലൂടെയും മറ്റുമാണ് പരിപാടി സംഘടിപ്പിച്ചത്. ഇത് സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ